LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്നതിന് വി.എഫ്.പി.സി.കെ.-ക്ക് അനുവാദം നൽകിയിട്ടുള്ളത്. ഉൽപ്പാദന യൂണിറ്റ് നിർമ്മിക്കുന്നതിന് ഇ-ടെൻഡർ ക്ഷണിക്കുകയും വി.എഫ്.പി.സി.കെ. ബോർഡ് തീരുമാനപ്രകാരം ഷീൽ ബയോടെക് ന്യൂഡൽഹിയുടെ ടെൻഡർ സ്വീകരിക്കുകയുമുണ്ടായി. സ്ഥലത്ത് ഭൂമി നിരപ്പാക്കൽ പ്രവർത്തനം മാത്രമേ നടത്തിയിട്ടുള്ളൂ. നിർമ്മാണ പ്രവർത്തനം ഒന്നുംതന്നെ ഇതുവരെയും നടന്നിട്ടില്ല.

കയ്യാട് കൃഷി സംരക്ഷണ പദ്ധതി

182 (1557) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പരമ്പരാഗത കയ്യാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെ.എൽ.ഡി.സി. (കേരള . ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ) സമർപ്പിച്ച പദ്ധതി റിപ്പോർട്ട് നബാർഡിന്റെ RIDF-XXI-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കയ്യാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കയ്യാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ 1023.51 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ആയത് RIDF XXI-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 10-2-2016-ലെ സ.ഉ.(സാധാ.)നമ്പർ 104/16/കൃഷി പ്രകാരം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

നാളികേര സംഭരണ സംവിധാനങ്ങൾ

183 (1558) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര സംഭരണത്തിന് സർക്കാർതലത്തിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) ഈ സംവിധാനങ്ങൾ ഉപയോഗിച്ച് നടത്തുന്ന സംഭരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

(സി) എത്ര ടൺ കൊപ്ര/പച്ചത്തേങ്ങ ആണ് ഇക്കാലയളവിൽ സംഭരിച്ചതെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) നാളികേര വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനും നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ 1-1-2013 മുതൽ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എട്ട് ജില്ലകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ വയനാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകൾ ഒഴികെയുള്ള 11 ജില്ലകളിലേയും തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന നടപ്പിലാക്കിവരുന്നു. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ട് ദിവസം വീതം (ചൊവ്വ, വ്യാഴം) നാളികേരം കൃഷിഭവനിൽ നൽകാവുന്നതാണ്. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകി വരുന്നത്. പൊതു വിപണിയിൽ കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ 25 രൂപ വിലയ്ക്കാണ് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്നത്. 1-1-2013 മുതൽ ആരംഭിച്ച് ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 371 കൃഷിഭവനുകളിൽ നിന്നും 83160 ടൺ പച്ചനാളികേരം കേരഫെഡ് സംഭരിച്ചിട്ടുണ്ട്.

റബ്ബർ സംഭരണം

184 (1559) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരാശരി എത്ര മെട്രിക് ടൺ റബ്ബർ പ്രതിവർഷം ഉല്പാദിപ്പിക്കുന്നുണ്ട്; കഴിഞ്ഞ പത്തു വർഷത്തെ സംസ്ഥാനത്തെ റബ്ബർ ഉല്പാദനം എത്ര മെട്രിക് ടൺ വീതമാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്;

(ബി) ഈ സർക്കാർ 2011-12 മുതൽ പിന്നിട്ട ഓരോ വർഷവും എത്ര മെട്രിക് ടൺ റബ്ബർ, താങ്ങുവില നല്കി സംഭരിക്കുകയുണ്ടായി; ഓരോ വർഷവും ഖജനാവിൽ നിന്ന് ഇതിനായി പിൻവലിച്ച തുക എത്രവീതം;

LIBRARY ARCHIVES Kerala Legislative Assembly